"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ്- സർക്കാരിന്റെ അച്ചടി ജോലികൾ - സർക്കാർ പ്രസ്സുകളോടൊപ്പം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (C-apt) നെ കൂടി ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.150/2024/SPD   തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:-

1. 12.09.2011 ലെ സ.ഉ.(കൈ)നം.213/11/ഉ.വി.വ.
2. 22.09.2011 ലെ സ.ഉ.(കൈ)നം.231/11/ഉ.വി.വ.
3. സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ 09.05.2024 തീയതിയിലെ SPD - സി3/216/2022-SPD നമ്പർ സർക്കുലർ.
4. സി ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ 21/06/2024 തീയതിയിലെ സി-ആപ്റ്റ്/1435/10/മാർക്കറ്റിംഗ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാരിന്റെ അച്ചടി ജോലികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിവിധ വകുപ്പുകൾ സർക്കുലറുകൾ പുറപ്പെടുവിക്കുന്ന സാഹചര്യത്തിലും, പല വകുപ്പുകളും /സ്ഥാപനങ്ങളും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അച്ചടി ജോലികൾ മറ്റു പ്രസ്സുകളെ ഏൽപ്പിക്കുന്നതിനാൽ സർക്കാരിന് ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന സാഹചര്യത്തിലും, എല്ലാ സർക്കാർ വകുപ്പുകളുടെയും, സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ തുടങ്ങിയവയുടെയും അച്ചടി സംബന്ധമായ എല്ലാ ജോലികളും അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും / സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കാൻ സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രം സർക്കാരിതര / സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവൂ എന്നും നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം 3 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം സർക്കാരിന്റെ അച്ചടിജോലികൾ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സി- ആപ്റ്റ് എന്ന സ്ഥാപനവും നിർവ്വഹിച്ചുവരുന്നുവെന്നും ആയതിനാൽ സൂചന 3 ലെ സർക്കുലർ പ്രകാരം അച്ചടിജോലികൾ നിർവ്വഹിക്കുന്നതിന് സി- ആപ്റ്റ് നെ കൂടി ഉൾപ്പെടുത്തണമെന്ന് സി - ആപ്റ്റ് എം.ഡി. അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എല്ലാ സർക്കാർ വകുപ്പുകളുടെയും, സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ

തുടങ്ങിയവയുടെയും അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനായി സർക്കാർ പ്രസ്സുകളോടൊപ്പം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (C-apt) എന്ന സ്ഥാപനത്തെക്കൂടി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, C-apt, തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ, കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, എറണാകുളം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II) കേരള, തിരുവനന്തപുരം
6. ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (പ്രചാരണത്തിന്)
7. ഉന്നതവിദ്യാഭ്യാസ വകുപ്പ്
8. ധനകാര്യ(Education-B)വകുപ്പ്
9. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 20-12-2024 14:32:57
സെക്ഷൻ ഓഫീസർ